പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 3455 — 12-12-2014 ൽ മറുപടിക്ക്

**കർഷക രജിസ്ട്രേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) കർഷക രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; കർഷകർക്ക് രജിസ്ട്രേഷൻ കാർഡ് നൽകുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 2013 ജൂലൈ 31 വരെ 18.77 ലക്ഷം അപേക്ഷകൾ ലഭിക്കുകയും 17.45 ലക്ഷം അപേക്ഷകരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കർഷകർക്ക് 'അഗ്രി കാർഡ് ' വിതരണം ചെയ്യുന്നതിന് കനറാ ബാങ്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കർഷകരുടെ വിവരം, കാർഷിക ഭൂമിയുടെ വിസ്തീർണ്ണം, വിളകളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ; | (ബി) | കൃഷി വകുപ്പ് തയ്യാറാക്കിയ അപേക്ഷാ ഫോറം സംസ്ഥാനത്തെ വിവിധ കൃഷി ഭവനുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുകയും, കർഷകരുടെ വ്യക്തിഗത വിവരങ്ങളോടൊപ്പം, കാർഷിക ഭൂമിയുടെ വിസ്തൃതി, വിളകളുടെ വിവരങ്ങൾ തുടങ്ങിയവ കർഷകർ തന്നെ രേഖപ്പെടുത്തിയത് ശേഖരിച്ച്, ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് അക്ഷയ കേന്ദ്രങ്ങൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) പ്രസ്തുത മാനദണ്ഡ പ്രകാരം ലഭ്യമായ എല്ലാ കൃഷിഭൂമികളുടെയും വിളകളുടെയും ഉടമകളെ സംബന്ധിച്ച വിവരങ്ങളെല്ലാം ശേഖരിച്ചു കഴിഞ്ഞോ; എങ്കിൽ പ്രസ്തുത വിവരങ്ങൾ കർഷകരുടെ അറിവിലേയ്ക്കും തിരുത്തലുകൾ വരുത്തുന്നതിനുമായി ഓൺലൈനിൽ പ്രസിദ്ധപ്പെടുത്തുമോ? | (സി) | ലഭ്യമായ അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ഡേറ്റാബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയായതിനു ശേഷം ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ